**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** — **04-07-2022 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ വീട് നഷ്ടപെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ വീട് നഷ്ടപെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; | (എ) | 2018 പ്രളയത്തിൽ ഒരു കുടുംബത്തിന് ഒഴികെ എല്ലാവർക്കും പൂർണ്ണമായും ധനസഹായം നൽകിയിട്ടുണ്ട്. 22 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും ഒരു കുടുംബത്തിന് മൂന്നാം ഗഡു ഒഴികെ 2,47,550/- രൂപയും ചേർത്ത് ആകെ 90,47,550/- രൂപ നൽകിയിട്ടുണ്ട്. 2019 ലെ പ്രളയത്തിൽ സോഫ്റ്റ്‌വെയർ മുഖേനയാണ് ധനസഹായം അനുവദിച്ചത്.ഇങ്ങനെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.എന്നാൽ കക്ഷികൾ നൽകിയ വിവരങ്ങളിലെ തെറ്റുകളും സാങ്കേതികമായ ചില അപാകതയും കാരണം കുറച്ചു പേർക്ക് ധനസഹായം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട് .ആയത് പരിഹരിച്ച് ധനസഹായ വിതരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എത്ര കുടുംബങ്ങൾക്കാണ് നഷ്ട പരിഹാരം നൽകാനുള്ളത്; ആകെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) | 2018 പ്രളയത്തിൽ ഒരു കുടുംബത്തിന് ഒഴികെ എല്ലാവർക്കും പൂർണ്ണമായും ധനസഹായം നൽകിയിട്ടുണ്ട്. 22 കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതവും ഒരു കുടുംബത്തിന് മൂന്നാം ഗഡു ഒഴികെ 2,47,550/- രൂപയും ചേർത്ത് ആകെ 90,47,550/- രൂപ നൽകിയിട്ടുണ്ട്. 2019 ലെ പ്രളയത്തിൽ സോഫ്റ്റ്‌വെയർ മുഖേനയാണ് ധനസഹായം അനുവദിച്ചത്.ഇങ്ങനെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.എന്നാൽ കക്ഷികൾ നൽകിയ വിവരങ്ങളിലെ തെറ്റുകളും |

| | | | |
|---|---|---|---|
| | | | സാങ്കേതികമായ ചില അപാകതയും കാരണം കുറച്ചു പേർക്ക് ധനസഹായം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട് .ആയത് പരിഹരിച്ച് ധനസഹായ വിതരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നഷ്ടപരിഹാരം ലഭിച്ചിട്ടില്ലായെന്ന കാരണത്താൽ എത്ര പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്; പരാതിക്കാരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2018 പ്രളയം സംബന്ധിച്ച് നിലവിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. 2019 പ്രളയവുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം ലഭിക്കാത്തവരുടെ പരാതികൾ DMA4/80/2022 -DMD എന്ന ഫയലിൽ പരിശോധിക്കുകയും, ഗുണഭോക്താക്കളുടെ ചെക്ക് നമ്പരും/ട്രാൻസാക്ഷൻ ഐഡിയും ശേഖരിച്ച് നടപടികൾ സ്വീകരിച്ച വരുന്നു . |
| (ഡി) | നടപടി സ്വീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം വ്യക്തമാക്കുമോ; | (ഡി) | പരാതി ലഭ്യമാക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എന്നത്തേക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | 2018 പ്രളയ ഗുണഭോക്താവ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം നൽകി വരുന്നു .2019 ലെ പ്രളയത്തിൽ സോഫ്റ്റ്‌വെയർ മുഖേനയാണ് ധനസഹായം അനുവദികുന്നത്.ഇങ്ങനെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.എന്നാൽ കക്ഷികൾ നൽകിയ വിവരങ്ങളിലെ അപാകത കാരണം കുറച്ചുപേർക്ക് ധനസഹായം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിച്ച് ധനസഹായ വിതരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ